## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — ആനക്കര ഗ്രാമപഞ്ചായത്ത് -1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(2)- 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) - എന്നിവയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 3895/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/12/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/05/2015-ലെ എം3-13463/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/10/2015-ലെ എൽ.എഫ്.8302/പി.റ്റി2/2015 നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിലെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം പോഷകാഹാര പരിപാടിക്കും വർക്കർമാർക്കും നൽകുന്നതിനുമായി തനതുഫണ്ടിൽ നിന്നും താൽക്കാലികമായി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നൽകിയ 70,000/-രൂപ, 2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കളരിപ്പയറ്റ് പരിശീലനം പദ്ധതിക്കായി ചെലവഴിച്ച 50,000/- രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ പകർപ്പ് സഹിതം അനുകൂല ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 1999-2000 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം 70,000/- രൂപയുടെ ഫണ്ട് ചെലവഴിച്ചത് ചട്ടവിരുദ്ധമായാണ്. തനത് ഫണ്ടിൽ നിന്ന് താൽക്കാലികമായി ICDS സൂപ്പർവൈസർക്ക് നൽകിയ തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 2010-2011 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2)പ്രകാരം തടസ്സപ്പെടുത്തിയ 50,000/- രൂപയുടെ ചെലവ് കളരിപ്പയറ്റ് പരിശീലനം പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിയായതിനാൽ പ്രസ്തുത തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരംഅഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെയും ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനവും കണക്കിലെടുത്ത് പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം ചെലവഴിച്ച 70,000/-(എഴുപതിനായിരം രൂപ മാത്രം) രൂപ 2010-11 വർഷത്തെ ഖണ്ഡിക 3.2 പ്രകാരം ചെലവഴിച്ച 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. ആർ. പഴനിയമ്മ,
ഡെപ്യൂട്ടിസെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, ആനക്കര ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ